(ഡി) ലോക്കൽ പോലീസ് അന്വേഷിച്ചുവരുന്നു.

79 (2264) സന്തോഷ് കേശവന് വെട്ടേറ്റ സംഭവം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകഴി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സന്തോഷ് കേശവനെ 1999 മേയ് മാസത്തിൽ വെട്ടിപ്പരിക്കേൽപ്പിക്കപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അദ്ദേഹത്തെ വെട്ടി പരിക്കേൽപ്പിച്ചത് ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് അറിയിക്കുമോ;

(സി) തകഴി പ്രദേശത്ത് 1999-ൽ ഇതുവരെ എത്ര സി.പി.എം., സി.പി.ഐ. സംഘട്ടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ഈ സംഘട്ടനങ്ങളിൽ ഒട്ടാകെ എത്രപേർക്ക് പരിക്കേറ്റു എന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ആലപ്പുഴ പോലീസ് സ്റ്റേഷനിൽ 131/99 ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്.

(സി)&(ഡി)വിവരം ശേഖരിച്ചുവരുന്നു.

80 (2265) പത്രപ്രവർത്തകരുടെ ജീപ്പ് തടഞ്ഞ സംഭവം

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പുർ സഹകരണബാങ്കിന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യാൻ പോയ മാതൃഭൂമി സ്റ്റാഫ് റിപ്പോർട്ടർ ദിനകരൻ, ഫോട്ടോഗ്രാഫർ മുരളീകൃഷ്ണൻ എന്നിവർ സഞ്ചരിച്ചിരുന്ന ജിപ്പ് കൊളപ്പ ജംഗ്ഷനിൽവച്ച് 1999 മേയ് 8-ാം തീയതി തടയുകയും ഫോട്ടോഗ്രാഫറെ മർദ്ദിക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിലെ പ്രതികൾ ആരെല്ലാമാണ്;

(ബി) തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പോളിംഗ്ബൂത്തിനു പുറത്തുള്ള ദൃശ്യങ്ങൾ ഫോട്ടോ എടുക്കുന്നത് തടഞ്ഞതും ഫോട്ടോഗ്രാഫറെ മർദ്ദിച്ചതും എന്തിനായിരുന്നു എന്ന് അറിവുണ്ടോ;

(സി) ഈ മർദ്ദനം നടക്കുമ്പോൾ തൊട്ടുപിന്നിലുണ്ടായിരുന്ന പോലീസ് ജീപ്പിൽ സഞ്ചരിച്ചിരുന്നവർ മർദ്ദനം തടയാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) ആ പോലീസുകാരുടെമേൽ എന്തു നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതികൾ മനോഹരൻ, ബിജു, രാജീവൻ എന്നിവരാണ്.

(ബി) കാരണം വ്യക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly